# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (4)

ദൂത് നാല്

## സിംഹ-കുഞ്ഞാട്

RA *Hymns*: E1122

തിരുവെഴുത്തു വായന: വെളി. 5:5-10

വെളി. 5:5 മൂപ്പന്മാരിൽ ഒരുവൻ, കരയേണ്ട; ഇതാ, യെഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ, ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ ജയം പ്രാപിച്ചിരിക്കുന്നു എന്ന് എന്നോടു പറഞ്ഞു.

വെളി. 5:6 സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

വെളി. 5:7 അവൻ വന്നു സിംഹാസനത്തിന്മേൽ ഇരിക്കുന്നവന്റെ വലം കൈയിൽ നിന്ന് ആ ചുരുൾ എടുത്തു.

വെളി. 5:8 അവൻ ചുരുൾ എടുത്തപ്പോൾ, നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും, ഓരോരുത്തൻ കിന്നരവും ധൂപവർഗം നിറഞ്ഞ പൊൻകലശങ്ങളും പിടിച്ചുകൊണ്ട് കുഞ്ഞാടിനു മുമ്പാകെ വീണു, കലശങ്ങൾ വിശുദ്ധന്മാരുടെ പ്രാർഥനകൾ ആകുന്നു.

വെളി. 5:9 അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും,

വെളി. 5:10 അവരെ നമ്മുടെ ദൈവത്തിനു രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തു; അവർ ഭൂമിയിന്മേൽ വാഴും.

**I. വെളിപ്പാട് പുസ്തകം യേശു ക്രിസ്തുവിന്റെ ഒരു ചിത്രമാണ്; ഈ പുസ്തകത്തിലെ ഇരുപത്തിരണ്ട് അധ്യായങ്ങൾ യേശുവിനെ ചിത്രീകരിക്കുന്നതും വർണിക്കുന്നതുമായ ഒരൊറ്റ ഛായാചിത്രമാണ്—1:1-2, 5.**

വെളി. 1:1 യേശു ക്രിസ്തുവിന്റെ വെളിപാട്, വേഗത്തിൽ സംഭവിക്കുവാനുള്ള കാര്യങ്ങൾ തന്റെ അടിമകളെ കാണിക്കുവാനായി ദൈവം അത് അവനു നൽകി; അവൻ അത് തന്റെ ദൂതനിലൂടെ തന്റെ അടിമയായ യോഹന്നാന് അയച്ച്, അടയാളങ്ങളാൽ അതിനെ അറിയിച്ചുകൊടുത്തു,

വെളി. 1:2 അവൻ ദൈവത്തിന്റെ വചനവും യേശു ക്രിസ്തുവിന്റെ സാക്ഷ്യവും, താൻ കണ്ടതൊക്കെയും സാക്ഷ്യപ്പെടുത്തി.

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

**II. "ഇതാ, യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ ജയം പ്രാപിച്ചിരിക്കുന്നു"—5:5:**

A. ഉല്പത്തി 49:8-9-ൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, സിംഹം ക്രിസ്തുവിന്റെ ഒരു പ്രതീകമാണ്, അത് ശത്രുവിനെതിരെ പോരാടുന്ന ശക്തനായ ഒരു പോരാളിയായി അവനെ ചിത്രീകരിക്കുന്നു.

ഉല്പ. 49:8 യെഹൂദയേ, സഹോദരന്മാർ നിന്നെ പുകഴ്ത്തും; നിന്റെ കൈ ശത്രുക്കളുടെ കഴുത്തിൽ ഇരിക്കും; അപ്പന്റെ മക്കൾ നിന്റെ മുമ്പിൽ നമസ്കരിക്കും.

ഉല്പ. 49:9 യഹൂദാ ഒരു ബാലസിംഹം; മകനേ, നീ ഇരപിടിച്ചു കയറിയിരിക്കുന്നു;

അവൻ കുനിഞ്ഞു, സിംഹംപോലെയും സിംഹിപോലെയും പതുങ്ങിക്കിടക്കുന്നു; ആർ അവനെ എഴുന്നേല്പിക്കും?

B. ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ ക്രിസ്തുവിന്റെ ജയം അവനെ യോഗ്യനാക്കുന്നു—വെളി. 5:5-10

| | |
|---|---|
| വെളി. 5:5 | മൂപ്പന്മാരിൽ ഒരുവൻ, കരയേണ്ട; ഇതാ, യെഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ, ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ ജയം പ്രാപിച്ചിരിക്കുന്നു എന്ന് എന്നോടു പറഞ്ഞു. |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |
| വെളി. 5:7 | അവൻ വന്നു സിംഹാസനത്തിന്മേൽ ഇരിക്കുന്നവന്റെ വലം കൈയിൽ നിന്ന് ആ ചുരുൾ എടുത്തു. |
| വെളി. 5:8 | അവൻ ചുരുൾ എടുത്തപ്പോൾ, നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും, ഓരോരുത്തൻ കിന്നരവും ധൂപവർഗം നിറഞ്ഞ പൊൻകലശങ്ങളും പിടിച്ചുകൊണ്ട് കുഞ്ഞാടിനു മുമ്പാകെ വീണു, കലശങ്ങൾ വിശുദ്ധന്മാരുടെ പ്രാർഥനകൾ ആകുന്നു. |
| വെളി. 5:9 | അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും, |
| വെളി. 5:10 | അവരെ നമ്മുടെ ദൈവത്തിനു രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തു; അവർ ഭൂമിയിന്മേൽ വാഴും. |

C. ക്രിസ്തു ദാവീദിന്റെ സ്രോതസ്സാണെന്ന് *ദാവീദിന്റെ വേര്* സൂചിപ്പിക്കുന്നു; അതുകൊണ്ട്, അവന്റെ പൂർവപിതാവായ ദാവീദ് അവനെ "കർത്താവ്" എന്നു വിളിച്ചു—മത്താ. 22:42-45.

| | |
|---|---|
| മത്താ. 22:42 | ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്ക് എന്ത് തോന്നുന്നു? അവൻ ആരുടെ പുത്രൻ ആകുന്നു? എന്ന് ചോദിച്ചു, അവർ അവനോട്, ദാവീദിന്റെ എന്നു പറഞ്ഞു. |
| മത്താ. 22:43 | അവൻ അവരോടു പറഞ്ഞു, പിന്നെ എങ്ങനെ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്നു വിളിക്കുന്നു, |
| മത്താ. 22:44 | "കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു, ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്കു കീഴെ ആക്കുവോളം നീ എന്റെ വലത്തു ഭാഗത്തിരിക്കുക" എന്ന്? |
| മത്താ. 22:45 | ദാവീദ് അവനെ കർത്താവ് എന്നു വിളിക്കുന്നുവെങ്കിൽ പിന്നെ, അവൻ അവന്റെ പുത്രൻ ആകുന്നത് എങ്ങനെ? |

D. യെഹൂദാഗോത്രത്തിലെ സിംഹമെന്ന നിലയിൽ, ക്രിസ്തു ദൈവത്തിന്റെ ശത്രുവായ മത്സരിയായ സാത്താനെ ജയിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു, വീണ്ടെടുക്കുന്ന കുഞ്ഞാടെന്ന നിലയിൽ അവൻ വീണുപോയ മനുഷ്യന്റെ പാപത്തെ നീക്കിക്കളയും ചെയ്തു:

1. അങ്ങനെ ചെയ്യുന്നതിലൂടെ അവൻ ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാൻ തടസ്സങ്ങളെ എടുത്തുകളഞ്ഞു.
2. ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിച്ച ചുരുൾ തുറക്കുവാൻ അവൻ യോഗ്യനാകുന്നു എന്നതാണ് അതിന്റെ ഫലം.

III. **"സിംഹാസനത്തിന്റെ....നടുവിൽ ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നത് ഞാൻ കണ്ടു, അതിന് ഏഴ് കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴ് കണ്ണുകളും ഉണ്ട്"—വെളി. 5:6:**

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

വെളി. 3:1 സർദ്ദിസിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, ജീവനുള്ളവൻ എന്നു നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു.

A. അധ്യായം 5-ൽ ക്രിസ്തു ആരോഹണം ചെയ്തശേഷമുള്ള സ്വർഗത്തിലെ ദൃശ്യമുണ്ട്:
   1. യെഹൂദാഗോത്രത്തിലെ സിംഹമായി അവൻ അപ്പൊസ്തലനായ യോഹന്നാന് ശുപാർശ ചെയ്യപ്പെട്ടു, എന്നാൽ അവൻ ഒരു കുഞ്ഞാടായി പ്രത്യക്ഷപ്പെട്ടു.
   2. സിംഹമെന്ന നിലയിൽ അവൻ ശത്രുവിനെതിരായ പോരാളിയാണ്; കുഞ്ഞാടെന്ന നിലയിൽ അവൻ നമുക്കുവേണ്ടിയുള്ള വീണ്ടെടുപ്പുകാരനാണ്.
   3. നമ്മെ വീണ്ടെടുക്കുവാൻ അവൻ പോരാടുകയും, അവൻ ശത്രുവിന്മേലുള്ള യുദ്ധം ജയിക്കുകയും നമുക്കുവേണ്ടി വീണ്ടെടുപ്പ് നിവർത്തിക്കുകയും ചെയ്തു.
   4. ശത്രുവിന് അവൻ ഒരു സിംഹവും, നമുക്ക് അവൻ ഒരു കുഞ്ഞാടും ആണ്; തന്മൂലം, അവൻ സിംഹ-കുഞ്ഞാടാണ്.

B. വിണ്ടെടുപ്പിനെ സംബന്ധിച്ചിടത്തോളം ക്രിസ്തു തന്റെ ആരോഹണത്തിനുശേഷം സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു (എബ്രാ. 1:3; 10:12); എന്നാൽ ദൈവത്തിന്റെ ഭരണനിർവഹണം നിർവഹിക്കുന്നതിനെ സംബന്ധിച്ച് അവൻ തന്റെ ആരോഹണത്തിൽ ഇപ്പോഴും നിൽക്കുന്നു.

   എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

   എബ്രാ. 10:12 എന്നാൽ ഇവൻ, പാപങ്ങൾക്കു വേണ്ടി ഏകയാഗം അർപ്പിച്ചിട്ട്, എന്നേക്കുമായി ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന്,

C. *ഇപ്പോൾ അറുക്കപ്പെട്ടതുപോലെ* എന്നത് കുഞ്ഞാട് ഇപ്പോൾ അറുക്കപ്പെട്ടതേയുള്ളൂ എന്നും, വെളിപ്പാട് 5-ൽ വർണിച്ചിരിക്കുന്ന സ്വർഗത്തിലെ ദൃശ്യം സ്വർഗത്തിലേക്കുള്ള ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം ഉടനെ സംഭവിച്ചതാണെന്നും സൂചിപ്പിക്കുന്നു.

   Rev 5 be omitted.

D. കർത്താവിന് ഏഴു കൊമ്പുകളുണ്ട്—വാ. 6.

   വെളി. 5:6b ...അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്..

   1. കൊമ്പുകൾ പോരാടുന്നതിലുള്ള ബലത്തെ സൂചിപ്പിക്കുന്നു—ദാനീ. 33:17.

      ആവ. 33:17 അവന്റെ കടിഞ്ഞൂൽകൂറ്റൻ അവന്റെ പ്രതാപം; അവന്റെ കൊമ്പുകൾ കാട്ടുപോത്തിന്റെ കൊമ്പുകൾ; അവയാൽ

അവൻ സകലജാതികളെയും ഭൂസീമാവാസികളെയും വെട്ടി ഓടിക്കും; അവ എഫ്രയീമിന്റെ പതിനായിരങ്ങളും മനശ്ശെയുടെ ആയിരങ്ങളും തന്നേ.

2. ക്രിസ്തു വീണ്ടെടുക്കുന്ന കുഞ്ഞാടാണ്, എങ്കിലും അവന് പോരാടുന്നതിനുള്ള കൊമ്പുകളുണ്ട്.
3. അവൻ പോരാടുന്ന വീണ്ടെടുപ്പുകാരനാണ്; അവന്റെ പോരാട്ടം ഏഴ് എന്ന സംഖ്യയാൽ സൂചിപ്പിക്കപ്പെടുന്നതുപോലെ ദൈവത്തിന്റെ നീക്കത്തിൽ പൂർണമാണ്.

E. കണ്ണുകൾ നിരീക്ഷിക്കുന്നതിനും ആരായുന്നതിനും വേണ്ടിയാണ്:

1. വീണ്ടെടുക്കുന്ന കുഞ്ഞാടെന്ന നിലയിൽ, പുതിയ യെരൂശലേമിന്റെ കെട്ടുപണിയിൽ പരിണമിക്കുന്ന ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുവാൻ പ്രപഞ്ചത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിനുവേണ്ടി ക്രിസ്തുവിന് നിരീക്ഷിക്കുന്നതിനും ആരായുന്നതിനുമായി ഏഴ് കണ്ണുകളുണ്ട്.
2. സെഖര്യാവ് 3:9-ൽ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ഏഴു കണ്ണുകളോടുകൂടിയ കല്ലായി, ആണിക്കല്ലായി (4:7), ക്രിസ്തുവിനെ പ്രവചിച്ചിരിക്കുന്നു.

| | |
|---|---|
| സെഖ. 3:9 | ഞാൻ യോശുവയുടെ മുമ്പിൽ വെച്ചിരിക്കുന്ന കല്ലുണ്ടല്ലോ; ഒരേ കല്ലിന്മേൽ ഏഴു കണ്ണും ഉണ്ടു; ഞാൻ അതിന്റെ കൊത്തുപണി കൊത്തും; ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു. |
| സെഖ. 4:7 | സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും. |

3. ഈ ഏഴ് കണ്ണുകൾ സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്; അവ മുഴുവൻ ഭൂമിയിലും ഊടാടിക്കൊണ്ടിരിക്കുന്നു—വാ. 10.

| | |
|---|---|
| സെഖ. 4:10 | അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു? സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഈ ഏഴു കണ്ണു സെരുബ്ബാബേലിന്റെ കയ്യിലുള്ള തൂക്കുകട്ട കണ്ടു സന്തോഷിക്കുന്നു. |

4. യവനഭാഷയിലെ വ്യാകരണമനുസരിച്ച്, *ഏഴു കണ്ണുകൾ* എന്നതിന്റെ പൂർവഗം *ഏഴ് ആത്മാക്കളാണ്*—വെളി. 5:6.

| | |
|---|---|
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |

5. ദൈവത്തിന്റെ ഏഴ് ആത്മാക്കൾ കുഞ്ഞാടിന്റെ ഏഴ് കൊമ്പുകളെയല്ല, അവന്റെ ഏഴ് കണ്ണുകളെ മാത്രമാണ് പരാമർശിക്കുന്നത്.

## IV. “ദൈവത്തിന്റെ ഏഴ് ആത്മാക്കൾ”—1:4; 3:1; 4:5; 5:6:

| | |
|---|---|
| വെളി. 1:4 | യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും, |
| വെളി. 3:1 | സർദ്ദിസിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രവൃത്തികൾ |

അറിയുന്നു, ജീവനുള്ളവൻ എന്നു നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു.

വെളി. 4:5 സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു;

വെളി. 5:6b ...അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്..

A. വെളിപ്പാട് 1:4 "അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളെ"ക്കുറിച്ച് സംസാരിക്കുന്നു:

1. ഏഴ് ആത്മാക്കൾ സംശയമെന്യേ ദൈവത്തിന്റെ ആത്മാവാണ്, കാരണം വെളിപ്പാട് 1:4-5-ൽ അവയ്ക്ക് ത്രിയേക ദൈവത്തോടൊപ്പം സ്ഥാനം നൽകിയിരിക്കുന്നു.

   വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

   വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

2. ഏഴ് ദൈവത്തിന്റെ പ്രവർത്തനത്തിലെ പ്രവർത്തനത്തിലെ പൂർത്തീകരണത്തെ കുറിക്കുന്ന സംഖ്യയായതിനാൽ, ഏഴ് ആത്മാക്കൾ ഭൂമിയിൽ ദൈവത്തിന്റെ നീക്കത്തിനു വേണ്ടിയുള്ളതായിരിക്കണം.

3. സാരാംശത്തിലും അസ്തിത്വത്തിലും ദൈവത്തിന്റെ ആത്മാവ് ഒന്നാണ്; ദൈവത്തിന്റെ പ്രവർത്തനത്തിന്റെ തീവ്രതപ്രാപിച്ച പ്രവർത്തനത്തിലും വേലയിലും ദൈവത്തിന്റെ ആത്മാവ് ഏഴ് മടങ്ങാണ്:

   a. ഇത് സെഖര്യാവ് 4:2-ലെ നിലവിളക്കിന് സമാനമാണ്.

      സെഖ. 4:2 നീ എന്തു കാണുന്നു എന്നു എന്നോടു ചോദിച്ചതിന്നു ഞാൻ: മുഴുവനും പൊന്നുകൊണ്ടുള്ളോരു വിളക്കുതണ്ടും അതിന്റെ തലെക്കൽ ഒരു കുടവും അതിന്മേൽ ഏഴു വിളക്കും അതിന്റെ തലെക്കലുള്ള ഏഴു വിളക്കിന്നു ഏഴു കുഴലും;

   b. അതിന്റെ അസ്തിത്വത്തിൽ അത് ഒരു നിലവിളക്കാണ്, എന്നാൽ അതിന്റെ പ്രവർത്തനത്തിൽ അത് ഏഴ് വിളക്കുകളാണ്.

4. വെളിപ്പാട് പുസ്തകം എഴുതപ്പെട്ട സമയത്ത് സഭ അധഃപതിച്ചുപോയിരുന്നു:

   a. യുഗം ഇരുണ്ടതായിരുന്നു.

   b. ഭൂമിയിലുള്ള ദൈവത്തിന്റെ നീക്കത്തിനും വേലയ്ക്കും വേണ്ടി ഏഴു മടങ്ങ് തീവ്രതപ്രാപിച്ച ദൈവത്തിന്റെ ആത്മാവ് ആവശ്യമായിരുന്നു.

B. മത്തായി 28:19-ൽ ത്രിയേക ദൈവത്തിന്റെ ക്രമം പിതാവും, പുത്രനും, ആത്മാവും ആണ്; വെളിപ്പാട് 1:4-5-ൽ ക്രമം മാറിയിരിക്കുന്നു:

   മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

   വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

   വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും,

നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

1. ദൈവത്തിന്റെ ഏഴ് ആത്മാക്കൾ മൂന്നാം സ്ഥാനത്തിനു പകരം രണ്ടാം സ്ഥാനത്ത് രേഖപ്പെടുത്തിയിരിക്കുന്നു.
2. ഇത് ഏഴു മടങ്ങായ ദൈവത്തിന്റെ ആത്മാവിന്റെ തീവ്രതപ്രാപിച്ച പ്രവർത്തനത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നു.
3. 2:7, 11, 17, 29; 3:6, 13, 22; 14:13; 22:17 എന്നീ വാക്യങ്ങളിൽ ആത്മാവിന്റെ സംസാരത്തിന് ആവർത്തിച്ച് ഊന്നൽ നൽകുന്നത് ഈ വിഷയത്തെ സ്ഥിരീകരിക്കുന്നു.

| | |
|---|---|
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| വെളി. 2:11 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഒരുവിധത്തിലും രണ്ടാം മരണത്താൽ ദോഷം വരുകയില്ല. |
| വെളി. 2:17 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും, ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല. |
| വെളി. 2:29 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. |
| വെളി. 3:6 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. |
| വെളി. 3:13 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. |
| വെളി. 3:22 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. |
| വെളി. 14:13 | പിന്നെ സ്വർഗത്തിൽനിന്ന് ഒരു ശബ്ദം പറയുന്നത് ഞാൻ കേട്ടു, എഴുതുക, ഇപ്പോൾ മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ അനുഗൃഹീതർ. അതെ എന്ന് ആത്മാവ് പറയുന്നു, അവർ തങ്ങളുടെ അധ്വാനങ്ങളിൽനിന്നു വിശ്രമിക്കേണ്ടതിന് തന്നെ; അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരുന്നുവല്ലോ. |
| വെളി. 22:17 | വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ.. |

C. മറ്റു ലേഖനങ്ങളുടെ തുടക്കത്തിൽ പിതാവും പുത്രനും മാത്രം പരാമർശിക്കപ്പെടുന്നു:

1. പിതാവിൽനിന്നും പുത്രനിൽനിന്നും കൃപയും സമാധാനവും സ്വീകർത്താക്കൾക്ക് നൽകപ്പെടുന്നു.
2. വെളിപ്പാട് 1:4-5-ൽ ആത്മാവ് ഉൾപ്പെടുന്നു; അവനിൽനിന്നും കൃപയും സമാധാനവും സഭകളിലേക്ക് പകരപ്പെടുന്നു.

| | |
|---|---|
| വെളി. 1:4 | യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും, |
| വെളി. 1:5 | വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ |

നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

3. ദൈവത്തിന്റെ നീക്കത്തിനുവേണ്ടി സഭയുടെ അധഃപതനത്തെ പ്രതിരോധിക്കുവാൻ ആത്മാവിന്റെ നിർണായകമായ ആവശ്യത്തെ ഇത് സൂചിപ്പിക്കുന്നു.

D. ഏഴ് ആത്മാക്കൾ സഭകളിൽ പ്രവർത്തിക്കുന്നു, അതിനാൽ സഭകൾ തീർച്ചയായും മുന്നോട്ടുപോകും.

E. ഇന്ന് നാം ഏഴിരട്ടി ആത്മാവിനെ, തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിനെ, പ്രത്യുദ്ധാരത്തിന്റെ ആത്മാവിനെ, കാണുകയും അനുഭവമാക്കുകയും ചെയ്യേണ്ടതാവശ്യമാണ്—വാ. 4-5.

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

**V. “അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും ചെയ്തു”—5:9:**

A. ഇവിടെയുള്ള പാട്ട് പുതിയതാണ്, കാരണം അതിൽ സ്തുതിക്കപ്പെടുന്ന കുഞ്ഞാട് ഇപ്പോൾ അറുക്കപ്പെട്ടതേയുള്ളൂ.

B. മുഴുവൻ പ്രപഞ്ചത്തിലും ജയിക്കുന്ന സിംഹവും വീണ്ടെടുക്കുന്ന കുഞ്ഞാടുമായ ക്രിസ്തു അല്ലാതെ ദൈവത്തിന്റെ വ്യവസ്ഥയുടെ മർമം തുറക്കുവാൻ യോഗ്യനായ ആരും ഇല്ല:

1. ജയിക്കുന്ന സിംഹമെന്ന നിലയിൽ അവൻ ദൈവത്തിനുവേണ്ടി സാത്താനെ പരാജയപ്പെടുത്തി.
2. വീണ്ടെടുക്കുന്ന കുഞ്ഞാടെന്ന നിലയിൽ അവൻ നമുക്കുവേണ്ടി പാപത്തെ എടുത്തുകളഞ്ഞു.
3. ദൈവത്തിന്റെ വ്യവസ്ഥയുടെ മർമം അനാവരണം ചെയ്യുവാനും നിർവഹിക്കുവാനും ക്രിസ്തു മാത്രമാണ് യോഗ്യനായവൻ.
4. ദിവ്യ വ്യവസ്ഥയുടെ രഹസ്യത്തിന്റെ മുദ്രകൾ തുറക്കുവാൻ ക്രിസ്തു യോഗ്യനാണെന്ന് നാം മനസ്സിലാക്കേണ്ടതാവശ്യമാണ്; ഈ കാര്യത്തിലുള്ള കർത്താവിന്റെ യോഗ്യത സാർവത്രികവും അപ്രമേയവുമാണ്
5. ക്രിസ്തു നമ്മുടെ സ്തുതികൾക്ക് യോഗ്യനാണ്; അവൻ നമ്മുടെ ജീവനുപോലും യോഗ്യനാണ്.